# ACADEMIC MASTER PLAN

St. Paul's LPS,
Puthiyidamkunnu

# ആമുഖം

സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനായി ഒരു വർഷം നീണ്ടുനിൽക്കുന്ന പാഠ്യപദ്ധതിയാണ് ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികളെയും അറിവും കഴിവും ഉള്ളവരാക്കി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർക്ക് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിജ്ഞാന സമൂഹസൃഷ്ട്ടിക്ക് അനുഗുണമായ രീതിയിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളെ പ്രാപ്തരാക്കുക എന്ന കാഴ്ചപ്പാടോടുകൂടിയുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ഓരോ മേഖലയിലും ഉള്ള പഠന ലക്ഷ്യങ്ങൾ കൈവരിക്കാൻ പരമാവധി പിന്തുണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.അപകർഷതാ ബോധം ഒഴിവാക്കി'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- 1മുതൽ 4വരെ ക്ലാസ്സുകളിൽ ഓരോ കുട്ടിയും ഓരോ ഘട്ടത്തിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി ആസ്വാദ്യകരവും വൈവിധ്യങ്ങളുമായ പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തി യാക്കാനുതകുന്ന പ്രവർത്തന കലണ്ടർ തയ്യാറാക്കൽ.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- കുട്ടികളുടെ ഹരിതസഭ രൂപീകരിക്കൽ
- അക്കാദമിക മികവിന് അനുയോജ്യമായ വിധത്തിൽ പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് ഉതകും വിധം പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്ന സ്കൂളന്തരീക്ഷം സൃഷ്ടിക്കൽ. അതുവഴി പഠനം അനുഭവാധിഷ്ഠിതമാക്കൽ.
- ഓരോ കുട്ടിയിലും അന്തർലീനമായ കഴിവുകൾ കണ്ടെത്തുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനുമുള്ള പരമാവധി അവസരം ലഭ്യമാക്കുക.

# ലക്ഷ്യങ്ങൾ

## മലയാളം

- എല്ലാ കുട്ടികൾക്കും അവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ക്ലാസ്സ് ലൈബ്രറി /സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നു. എന്റെ പിറന്നാൾ പുസ്തകം പരിപാടിയിലൂടെ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുന്നു. ക്ലാസ്സ് ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ച് വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായന കാർഡ്)വായനാ കുറിപ്പിനുള്ള പുസ്തകം സ്കൂളിൽ നിന്ന് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | പാഠപുസ്തക പ്രവർത്തനവുമായി ബന്ധപ്പെട്ട് രചനാ പരിചയക്കുറിപ്പ് (വ്യത്യസ്ത വ്യവഹാര രൂപങ്ങൾ സൃഷ്ടിക്കൽ) | ഓരോ ടേമിലും | വിദ്യാ രംഗം ഭാഷാ ക്ലബ്ബ് | പി ടി എ |
| നിഘണ്ടു നിർമ്മാണം | പാഠപുസ്തകത്തിലെ പുതിയ പദങ്ങൾ അർത്ഥങ്ങൾ കണ്ടെത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. ആശയാവതരണ രീതിയിലൂടെ സചി ത്ര പാഠങ്ങൾ രൂപീകരിക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ SRG | പി ടി എ |
| ദിനാചരണങ്ങളെ പഠനപ്രവർത്തനമാക്കൽ | ഓരോ മാസത്തിലും നടത്തുന്ന ദിനാചരണങ്ങൾ പാഠഭാഗ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | അധ്യാപകർ |

# ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാര[illegible] അവസരം ഒരുക്കുക.
- സ്വതന്ത്ര വായനക്കും എഴുത്തിനും സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ്സ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദ മായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ,) | ക്ലാസ്സ് ടീച്ചർ | |
| സർഗ്ഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് റിഡേഴ്സ് തിയേറ്റർ | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | SMC |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | ഇംഗ്ലീഷ് കയ്യെഴുത്ത് | മാസത്തിലൊന്ന് | ക്ലാസ്സ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | ഇംഗ്ലീഷ് ഫെസ്റ്റ് | വർഷത്തിലൊന്ന് (മാർച്ച്) | SRG ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് vocabulary വർദ്ധിപ്പിക്കൽ | Oneday one word programme | എല്ലാദിവസവും (ജൂൺ മുതൽ മാർച്ച് വരെ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരശേഷിക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story telling...) | ജൂൺ മുതൽമാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ഗണന ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

5/14

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാനഗണിതാ ശയങ്ങൾ എല്ലാ കുട്ടികളിലും ആർജ്ജിക്കുന്നതിന് | എല്ലാ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, അബാക്കസ്, ജിയോ ബോർഡ്, നമ്പർ കാർഡുകൾ ....) | ജൂൺ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ, നിർമ്മാണം, ടാൻഗ്രാം രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ നിർമ്മിക്കുന്നു. | ടാൻഗ്രാം ഉപയോഗിച്ച് ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ | ജൂലൈ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഗണന ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എല്ലാ കുട്ടികളിലും വളർത്തുന്നതിന് | ഗണിത ക്വിസ്, ലിറ്റിൽ ജീനിയസ് സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | SRG ഗണിത ക്ലബ് ക്ലാസ്സ് ടീച്ചർ | പി ടി എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശേഷികളുടെ പ്രകടനം | ഗണിതമേള | വർഷത്തിലൊന്ന് | SRG ക്ലാസ്സ് ടീച്ചർ | പി ടി എ |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പഠനനേട്ടങ്ങൾ ഏതും എല്ലാകുട്ടികളേയും അർഹരാക്കുക | എല്ലാക്ലാസ്സ് യൂണിറ്റിലെയും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് നൽകൽ | ഓരോ ടേമിന്റെയും ഇടക്കാലത്തിൽ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതശില്പശാല സംഘടിപ്പിക്കൽ | ഓഗസ്റ്റ് | SRG ക്ലാസ്സ് ടീച്ചർ | പി ടി എ SSG |

# പരിസരപഠനം

- ശാസ്ത്രത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക. 5E ഘട്ടങ്ങളിലൂടെ പ്രവർത്തനങ്ങൾ നൽകുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കൽ | ഒരു തൈ നടാം പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷങ്ങൾ നടീൽ. നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ SRG | പി ടി എ |
| നിരീക്ഷണം അറിവ് നിർമ്മാണം | പ്രകൃതി നടത്തം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രമൂല ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രലൈബ്രറി, ശാസ്ത്രപഠനത്തിനാവശ്യ മായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂലൈ-മാർച്ച് | SRG ക്ലാസ്സ് ടീച്ചർ | പി ടി എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഭൂപടമൊരുക്കാം (കേരളം, ഇന്ത്യ) | ജിഗ്സോ പസിൽ നിർമ്മാണം. ഭൂപട വായന, ഭൂപട രചന, സൂചിക നിർമ്മാണം | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | അധ്യാപകർ |
| ശാസ്ത്രപഠനത്തോടുള്ള താല്പര്യം വളർത്തുന്നു | ശാസ്ത്രദിനത്തോടനുബന്ധിച്ച് സ്കൂൾ തല പരീക്ഷണശാല സംഘടിപ്പിക്കൽ | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ SRG | പി ടി എ |